GOVERNMENT OF TAMILNADU

രണ്ടാം ക്ലാസ്

STANDARD TWO

TERM - 1

ഘട്ടം - 1

മലയാളം

MALAYALAM READER

Department of School Education

Untouchability is inhuman and a crime

Government of Tamil Nadu

First Edition – 2026

(Published under New Syllabus in Trimester Pattern)

Price : Rs.

A call can change your life (24×7 toll free helplines for children below 18 years)

If you are forced into
Child Marriage or Child Labour,
If you are Emotionally,
Physically, Sexually
Harassed or Abused,

If you feel unsafe dial CHILDLINE 1098 Night & Day

Caller details will be kept confidential

If you are feeling Threatened or
being Abused or Harassed –
Emotionally, Physically or Sexually,
If you are feeling unsafe,
If you need guidance for
Examinations or Higher Education

Dial 14417

Caller details will be kept confidential

Content Creation

State Council of Educational Research and Training

© SCERT 2026

Printing & Publishing

Tamil Nadu Textbook and Educational Services Corporation

Foreword

The early years of childhood are a time of wonder-when curiosity is boundless, imagination is vivid, and every experience becomes a step in the journey of learning. These textbooks for Classes 1 to 3 have been developed to honour this spirit, creating a learning experience that is joyful, meaningful, and engaging.

Developed as part of the **Tamil Nadu State Education Policy-2025**, these books mark a significant step towards strengthening foundational education in the State. The vision and direction provided by the **Hon'ble Minister for School Education** have ensured that the policy's emphasis on child-centred, competency-based, and inclusive learning is meaningfully reflected in these materials.

The leadership of the **Additional Chief Secretary,** School Education has been instrumental in ensuring the integration of 21st-century skills and knowledge, and in shaping the textbooks into engaging story-driven learning experiences.

This is further reflected in a competency-based approach to curriculum and assessment that moves beyond rote learning to foster deep conceptual understanding and meaningful application. The integration of value education to build character, along with life skills, art and motor skill development, enables the holistic development of the child.

The members of the High-Level Curriculum Expert Committee, the Chairperson and the members of the Curriculum Development Committee, have provided constant guidance, shaping and refining these materials through their insights and expertise, alongside the contributions of educators and practitioners acknowledged elsewhere in this book.

At this foundational stage, learning must build strong foundations while supporting the overall development of the child. These textbooks bring together a carefully designed set of features that make learning active, engaging, and meaningful:

- Opportunities for speaking and listening, building confidence in expression
- Activities that strengthen logical thinking and conceptual understanding
- Integrated spaces for reading and writing practice within lessons
- Fine and gross motor skill development through drawing, colouring, tracing, and movement-based tasks
- Simple avenues for independent learning and self-reflection

The books also integrate values and life skills, helping children develop empathy, cooperation, responsibility and confidence.

Learning is guided by a competency-based approach that moves beyond memorisation towards understanding and application. Assessment is embedded within the learning process, making it continuous, meaningful and supportive.

These textbooks are learning companions that invite children to explore, think and express. They represent a shared commitment to enabling every child to learn with joy, grow with confidence, and build a strong foundation for the future-advancing a vision of **"Education reimagined, inclusive, equitable, and future-ready".**

DIRECTOR
State Council of Educational
Research and Training (SCERT)
Tamil Nadu

THE CONSTITUTION OF INDIA

PREAMBLE

WE, THE PEOPLE OF INDIA, having solemnly resolved to constitute India into a **SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC** and to secure to all its citizens:

JUSTICE, social, economic and political;

LIBERTY of thought, expression, belief, faith and worship;

EQUALITY of status and of opportunity;

and to promote among them all

FRATERNITY assuring the dignity of the individual and the unity and integrity of the Nation;

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do **HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.**


ദേശീയ ഗാനം

ജനഗണമന അധി നായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഹേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ!

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

ദേശീയഗാനം-സാരം


ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ!ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ!പഞ്ചാബ്,സിന്ധ്,ഗുജറാത്ത്,മറാഠ,ദ്രാവിഡം,വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു.അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു.അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു.ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.



തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈ ക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിട നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണങ്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ ശീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

– 'മനോന്മണിയം' പെ. സുന്ദരനാർ.



തമിഴ് മാതൃവന്ദനം – ആശയം


തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു.കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

ആമുഖം

> **മധുരമധുരമീ മലയാളം...**
>
> **മധുമതി മനോഹരം മലയാളം.... – തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ.**

തമിഴ്നാടിന്റെ സവിശേഷമായ സംസ്കാരം, ഭാഷ, സാമൂഹിക പാരമ്പര്യം എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ട് തമിഴ്നാട് സംസ്ഥാന വിദ്യാഭ്യാസ നയം 2025 രൂപീകരിച്ചിട്ടുണ്ട്. ഇത് കുട്ടികൾക്കുള്ള നിർബന്ധിത വിദ്യാഭ്യാസത്തിന്റെ പ്രധാന ഏകീകൃത ഘടകമായി അടിസ്ഥാന സാക്ഷരതയെ' സൂചിപ്പിക്കുന്നു. തമിഴ്നാട്ടിലെ ഓരോ കുട്ടിയും പ്രായത്തിനനുസരിച്ചുള്ള കേൾവി, സംസാരം, വായന, എഴുത്ത് തുടങ്ങിയ ആജീവനാന്ത അടിസ്ഥാന ഭാഷാ നൈപുണ്യങ്ങൾ നേടണമെന്ന് ഇത് ഊന്നിപ്പറയുന്നു. എല്ലാ പാഠങ്ങളും പഠിക്കുന്നതിനുള്ള അടിസ്ഥാനം ഭാഷാപഠനമായതിനാൽ, കുട്ടികളുടെ സഹജമായ കഴിവുകൾ കണ്ടെത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും, സമൂഹത്തോട് ചേർന്ന് ജീവിക്കാൻ അവരെ സഹായിക്കുന്നതിനുമായാണ് ഈ പാഠപുസ്തകം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ചുറുചുറുക്കോടെ എന്തിനെയും അന്വേഷിച്ചു കണ്ടെത്തുന്ന കുട്ടികളുടെ സ്വഭാവം മനസ്സിലാക്കി, അവർക്ക് പ്രിയപ്പെട്ടതും അടുത്തറിയുന്നതുമായ കാര്യങ്ങൾ ഉൾപ്പെടുത്തി ഈ പുസ്തകത്തിലെ പാഠങ്ങൾ, പരിശീലനങ്ങൾ, ഭാഷാ ഗെയിമുകൾ എന്നിവ താഴെ പറയുന്ന രീതിയിൽ നൽകിയിരിക്കുന്നു.



പാഠ്യപദ്ധതി ഘടന

അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നതിനായി വാക്കുകളെ കടങ്കഥകളിലൂടെ കുട്ടികൾ തന്നെ സ്വയം അന്വേഷിച്ചു കണ്ടെത്തുന്ന രീതിയിലാണ് പാഠഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഈ സമീപനം കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കുകയും പഠനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. കുട്ടികൾ നേടേണ്ട അടിസ്ഥാന ഭാഷാ നൈപുണ്യങ്ങളായ കേൾവി, സംസാരം, വായന, എഴുത്ത് എന്നിവയ്ക്കായുള്ള പാഠങ്ങൾ പാഠപുസ്തകത്തിൽ താഴെ പറയുന്ന രീതിയിൽ നൽകിയിരിക്കുന്നു.

1. എന്റെ വീട്

- കുട്ടികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കാനും, സന്തോഷത്തോടെ പാടാനും, വായനയിലേക്കും എഴുത്തിലേക്കും പ്രവേശിക്കാൻ അവരെ സജ്ജരാക്കുന്നതിനുമുള്ള പാഠം.

2. മഴ എന്തു രസം

- കടങ്കഥകളിലൂടെ സ്വരാക്ഷരങ്ങൾ അക്ഷരങ്ങളുടെ ശബ്ദം, രൂപം എന്നിവ തിരിച്ചറിയാൻ സഹായിക്കുന്ന പാഠം.

3. മരം ഒരു വരം

- ലളിതമായ പാട്ടുകളിലൂടെ സ്വരാക്ഷരങ്ങളെ തിരിച്ചറിയാനും ഉച്ചരിക്കാനും സഹായിക്കുന്ന പാഠം.

അടിസ്ഥാന നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പരിശീലന പ്രവർത്തനങ്ങൾ

കേൾവിയും സംസാരവും:
കേൾക്കുന്നത് മനസ്സിലാക്കുകയും സ്വന്തം ഭാഷയിൽ സംസാരിക്കുകയും ചെയ്യുക.

വായന:
അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചരിക്കുക.

എഴുത്ത്:
അക്ഷരങ്ങളുടെ രൂപം മനസ്സിലാക്കി എഴുതുക.

പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനുള്ള മൂല്യനിർണ്ണയം

- പഠനനേട്ടങ്ങൾ വീണ്ടും ഓർത്തെടുക്കുന്ന ഭാഗം – ചെയ്തു പരിശീലിക്കാം
- പഠന ഫലങ്ങൾ വിലയിരുത്തുന്ന ഭാഗം – പഠനയാത്ര
- കുട്ടികൾ തങ്ങൾ പഠിച്ചത് സ്വയം മനസ്സിലാക്കുന്ന ഭാഗം – ഞാൻ പഠിച്ചത്
- ഓരോ യൂണിറ്റിലുമുള്ള വളർച്ച വിലയിരുത്തുന്ന ഭാഗം – ഞാൻ ചെയ്യും



ഗ്രൂപ്പ് പ്രവർത്തനങ്ങൾ: തനിച്ച് അല്ലെങ്കിൽ കൂട്ടായുള്ള പ്രവർത്തനങ്ങൾ.

കഥ, പാട്ട്, സംസാരം, വായന, എഴുത്ത്: ഇവയ്ക്കുള്ള തന്ത്രങ്ങൾ.



പഠന ഫലങ്ങൾ: കുട്ടികൾ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ.

അധിക വിവരങ്ങൾ: പാട്ടുകൾ, കഥകൾ, പരിശീലനങ്ങൾ.



മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ (Rubrics)

ചുരുക്കത്തിൽ, ഓരോ കുട്ടിയും ആജീവനാന്ത പഠനത്തിന് ആവശ്യമായ ശക്തമായ അടിത്തറ നേടുന്നതിനൊപ്പം, അടിസ്ഥാന സാക്ഷരത എന്ന ലക്ഷ്യം കൈവരിക്കാനും ഈ പാഠപുസ്തകം സഹായിക്കുന്നു.

മലയാളം


രണ്ടാം ക്ലാസ്

യൂണിറ്റ്	ശീർഷകം	പേജ് നമ്പർ
1.	എന്റെ വീട്	01
2.	മഴ എന്തു രസം	19
3.	മരം ഒരു വരം	35



1 എന്റെ വീട്

എന്നെഅറിയാൻ.....ഞാൻ എഴുതും.



എന്റെ പേര്: .....

എന്റെ സ്ഥലപ്പേര്: .....

എന്റെ നാട്: .....

എന്റെ വിദ്യാലയം: .....

എന്റെ ടീച്ചർ: .....

എനിക്ക് ഇഷ്ടമുള്ളനിറം: .....

എനിക്ക് ഇഷ്ടമുള്ള ഭക്ഷണം: .....

എനിക്ക് ഇഷ്ടമുള്ള വിനോദം: .....

എനിക്ക് പഠിക്കാൻ ഇഷ്ടമുള്ളത്: .....

എനിക്കിഷ്ടമില്ലാത്തത്: .....

ഞാൻ എന്നെക്കുറിച്ച് പറയാം, നിങ്ങളും പറയുക.

അക്ഷരപ്പാട്ട്

അക്ഷര വണ്ടി വരുന്നുണ്ടേ !

അക്ഷര വണ്ടി വരുന്നുണ്ടേ !

ഏലേലൈസ ഏലേലൈസ...

കേറിപ്പോട്ടേ കേറിപ്പോട്ടേ !

ഒത്തുപിടിച്ചോ ഒത്തുപിടിച്ചോ !

അക്ഷര വണ്ടി അക്ഷര വണ്ടി....

ഏലേലൈസ അ ആ ഇ ഈ

കേറിപ്പോട്ടേ ഉ ഊ ഋ വും

ഒത്തുപിടിച്ചോ എ ഏ ഐ ഒ

അക്ഷര വണ്ടി ഓ ഔ ഏലോ

അക്ഷര വണ്ടി അം അഃ ഏലോ

അക്ഷര വണ്ടി ഐലസാ.....



ചിത്രത്തിന് നിറം നൽകാം





പട്ടം വരച്ച് നിറം നൽകാം.

ഓർമ്മപുതുക്കാം

(സ്വരാക്ഷരങ്ങൾ 15)

അ ആ ഇ ഈ ഉ ഊ
ഋ എ ഏ ഐ ഒ ഓ
ഔ അം അഃ

പാടി രസിക്കാം

അച്ഛൻ കൊമ്പത്ത്	ക ഖ ഗ ഘ ങ
അമ്മ വരമ്പത്ത്	ച ഛ ജ ഝ ഞ
അമ്മാനക്കൂട്ടം	ട ഠ ഡ ഢ ണ
അച്ഛൻ കൊമ്പത്തമ്മവരമ്പത്തമ്മാനക്കൂട്ടം	
അങ്ങേ കൊമ്പത്ത്	ത ഥ ദ ധ ന
ഇങ്ങേ കൊമ്പത്ത്	പ ഫ ബ ഭ മ
അന്യോന്യകൂട്ടം.	യ ര ല വ
തെയ്താര തെയ്താര തെയ്യം താര	
പെരുവഴിയോരത്ത്	ശ ഷ സ ഹ
അമ്പലമുറ്റത്ത്	ള ഴ റ
അക്ഷരരൂപങ്ങൾ	
പെരുവഴിയോരത്തമ്പലമുറ്റത്തക്ഷരരൂപങ്ങൾ	
തെയ്താര തെയ്താര തെയ്താര തെയ്യം താരാ.	

ഇഷ്ടമുള്ള രീതിയിൽ ഇലകൾ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കാം.








വ്യഞ്ജനാക്ഷരങ്ങൾ (36)

ചില്ലക്ഷരങ്ങൾ (5)

മാതൃകയ്ക്കനുസരിച്ച് കൂട്ടക്ഷരമെഴുതാം





ക - ക്ക	ച - _____	ട - _____	ത - _____
പ - _____	ങ - _____	ഞ - _____	ണ - _____
ന- _____	മ - _____	യ - _____	ഗ - _____
ല - _____	വ - _____	ശ - _____	സ - _____
ള - _____	റ - _____		

വിട്ടുപോയ അക്ഷരം എഴുതുക.



പ ങ്ങൾ (യ,ഴ)



പൈത (ൽ,ൻ)



ആകാ (ശം, സം)



മഴവെ (ല്ലം, ള്ളം)



കൊ (ഞ്ച്, ച്ച്)

ചിത്രത്തിന് അനുയോജ്യമായ പദം എടുത്തെഴുതാം




- അരയന്നം ☐
- ആകാശം ☐
- അലമാര ☐



- ഇഞ്ചി ☐
- സഞ്ചി ☐
- വഞ്ചി ☐



- കപ്പൽ ☐
- കരടി ☐
- കടുവ ☐



- ചക്കപ്പഴം ☐
- വാഴപ്പഴം ☐
- മാമ്പഴം ☐



- കാക്ക ☐
- തത്ത ☐
- മയിൽ ☐



- ഇല ☐
- മരം ☐
- പന ☐

പദങ്ങൾ രൂപപ്പെടുത്താം

മെ, നെ + യ്യ് → _____

ക, പ + ല്ല് → _____

പൊ, കൊ + ട്ട് → _____

മൊ, ഞ്ഞെ + ട്ട് → _____

ചിത്രം മനസ്സിലാക്കി എടുത്തെഴുതാം





ചെ	ങ്കാ	ന്ത	ൾ
ടി	രു	മൊ	ട്ട്
നെ	ട്ട്	പ്പ്	പെ
ല്ല്	പൊ	ത്ത്	ട്ടി













പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കാം

കൂട്ടും തിന്നും നെയ്യും തുരക്കും മേയും വലിക്കും

കുതിര വണ്ടി _____

കുരുവി കൂട് _____

അണ്ണാൻ പഴം _____

ചിലന്തിവല _____

പശു പുല്ല് _____

എലി മാളം _____

പദങ്ങൾ യോജിപ്പിച്ച് വാക്യം നിർമ്മിക്കാം

കാക്ക _____

താമര _____

പരുന്ത് പറന്നു / വിരിഞ്ഞു _____

മുല്ല _____

പ്രാവ് _____

കുരുവി _____

തെറ്റില്ലാതെ വായിക്കാം



മഞ്ചാടി മരത്തിൽ ഒരു കൂടുണ്ട് കുഞ്ഞാറ്റക്കുരുവിയുടെ കുഞ്ഞു കൂട്.

കുഞ്ഞാറ്റ മുട്ടയിട്ടു, രണ്ട് പുള്ളി മുട്ടകൾ.

പച്ചയിൽ കറുത്ത പുള്ളികളുള്ള മുട്ടകൾ.

കുഞ്ഞാറ്റയ്ക്ക് സന്തോഷമായി.

കുഞ്ഞാറ്റ പാട്ടുപാടി.

കുഞ്ഞാറ്റ നൃത്തംചെയ്തു.

അവൾ അടയിരുന്നു.

കുഞ്ഞാറ്റക്കുരുവി ഇനി കുഞ്ഞുങ്ങൾക്കായുള്ള കാത്തിരിപ്പാണ്.

പാടി രസിക്കാം

ഒന്നാനാം കൊച്ചുതുമ്പി
എന്റെ കൂടെ പോരുമോ നീ
നിന്റെ കൂടെ പോന്നാലോ
എന്തെല്ലാം തരുമെനിക്ക്
കളിപ്പാനോ കളം തരുവേൻ
കുളിപ്പാനോ കുളം തരുവേൻ
ഇട്ടിരിപ്പാൻ പൊൻതടുക്ക്
ഇട്ടുണ്ണാൻ പൊൻതളിക
കൈ കഴുകാൻ വെള്ളിക്കിണ്ടി
കൈതോർത്താൻ പുള്ളിപ്പട്ട്
ഒന്നാനാം കൊച്ചുതുമ്പി
എന്റെ കൂടെ പോരുമോ നീ

വായിക്കാം രസിക്കാം

കോഴിയമ്മ രക്ഷിച്ചു!

 യ്ക്ക് മൂന്ന്  ഉണ്ടായിരുന്നു. മഹാ അഹങ്കാരികൾ ആയിരുന്നു അവർ. ഒരു ദിവസം  യും  ഉം തീറ്റതേടി ഇറങ്ങി. "ദൂരേക്ക് പോകരുത് വലിയ അപകടമാണ്"  പറഞ്ഞു. പക്ഷേ അഹങ്കാരികളായ   കാണാതെ ദൂരേക്ക് നടന്നു. പെട്ടെന്ന് ഒരു  അവിടെ എത്തി.  പേടിച്ചുപോയി. കരഞ്ഞുകൊണ്ട്  യുടെ അടുത്തെത്തി  ചിറകിനടിയിൽ അവരെ ഒളിപ്പിച്ചു ഇതുകണ്ട  പറന്നുപോയി. "അമ്മേ ഞങ്ങളോട് ക്ഷമിക്കണേ"  പറഞ്ഞു. പിന്നീട് ഒരിക്കലും  അനുസരണക്കേട് കാട്ടിയിട്ടില്ല.

മാതൃക നോക്കി നിങ്ങൾക്കറിയാവുന്ന മറ്റൊരു വൃക്ഷത്തെക്കുറിച്ച് എഴുതി നോക്കാം




ഞാൻ തെങ്ങ്
ഒറ്റത്തടി വൃക്ഷം
എനിക്ക് ചില്ലകളില്ല
നമ്മുടെ നാട്ടിൽ എവിടെയും എന്നെ കാണാം
കേരവൃക്ഷം എന്നും എനിക്ക് പേരുണ്ട്.


കാട്ടിലെ ഉത്സവ മേളത്തിന് എത്തിയ ജീവജാലങ്ങൾ എങ്ങനെ എത്തിയിട്ടുണ്ടാകും? ശബ്ദം പുറപ്പെടുവിച്ച് താഴെ പറയുന്ന രീതിയിൽ അഭിനയിച്ചു കാണിക്കാം.



കാക്കയാണ് കൂട്ടത്തിൽ ആദ്യം എത്തിയത് (കാ... കാ... കാ...).
പിന്നീട് മാൻ കൂട്ടത്തോടെ എത്തി (ഹുറൂ... ഹുറൂ...).
മയിൽ പീലി വിടർത്തി ആടിക്കൊണ്ട് വന്നു (പീ... ഓ... പീ... ഓ...).
ആന തോട്ടം മുഴുവൻ നടന്നു കാണിച്ചു (ചിന്നം വിളി).
കുരങ്ങൻ മരക്കൊമ്പുകളിലൂടെ ചാടിക്കളിച്ച് വന്നു (ഊ... ഊ... ഊ...).
പൂച്ച മരക്കൊമ്പിൽ നിന്ന് നോക്കി (മ്യാവൂ... മ്യാവൂ...).
ചിത്രശലഭം ഒപ്പന കളിച്ച് വന്നു

ഒരേ വസ്തുവിന് ഒരേ നിറം നൽകുക.





കാട്ടിലെ ഉത്സവമേളത്തിന് വന്ന മൃഗങ്ങളുടെ വിരൽച്ചിത്രം തയ്യാറാക്കി നിറം നൽകി രസിക്കാം.



ചിത്രം നിരീക്ഷിച്ച് ഉത്തരം എഴുതാം



1. ചിത്രത്തിൽ ആരെല്ലാം?


2. ഉയരം കൂടിയതാരാണ്?

3. പുറത്ത് തോടുള്ളത് ആർക്കാണ്?

4. ആകാശത്ത് ആരാണുള്ളത്?

5. ഇതിൽ ഏതൊക്കെ നിറങ്ങൾ ഉണ്ട്?

പാടി രസിക്കാം




കാട്ടുമരത്തിൽ കൊമ്പുകൾ തോറും
കയറാം മറിയാം ചാടാം
വാലാൽ ചില്ലത്തുമ്പിൽ ചുറ്റി
വിരിഞ്ഞു കിടന്നൊന്നാടാം
കായിക വിദ്യകളിങ്ങനെ പലതും
കാട്ടും ഞാൻ പുകൾ തേടും
വാലില്ലാത്തവർ നിങ്ങളെറിഞ്ഞാൽ
വാൽ പൊക്കി കൊണ്ടോടും


ജി ശങ്കരക്കുറുപ്പ്


ഉചിതമായ നിറം നൽകാം; പേരെഴുതാം.















പദങ്ങൾ ചേർത്ത് എഴുതാം.

പുള്ളി  _____

നീല  _____

പച്ച  _____


നെറ്റി  _____

കൈത  _____

പുസ്തക  _____

മലമുകളിലെ ഉല്ലാസ യാത്ര







അ ആ ഇ ഈ ഉ ഊ ഋ എ ഏ ഐ ഒ ഓ ഔ അം അഃ

ഞാൻ വായിക്കും

മ്മ ക ന ല ര


ങ്ങ ഒ അ ശ ച്ച

ഏ ണ ട പ ഞ

അമ്മ

അ

അ മ്മ → അമ്മ



ആന

ആ

ആ ന → ആന

എന്റെ ഇല ഈച്ച

കയ്യിൽ എലി വലിയ

നാട് ഒരു ആന

ഒരു എലി

വലിയ ആന

ഏണിയിൽ ഇല




എന്റെ അമ്മ

എന്റെ നാട്


ഇലയിൽ ഈച്ച

കണ്ടെത്താം....കണ്ടെത്താം....


തുടർന്ന് വരുന്നത് ഏത്? വട്ടമിടുക.



തന്നിട്ടുള്ള നിറം മനസ്സിലാക്കി ചിത്രത്തിന് നിറം നൽകുക



2 മഴ എന്തു രസം



വായിക്കാം ഒത്തു പാടാം

അഭിനയിക്കാം

നനനനയണ് തുള്ളിത്തുള്ളിചാടണ് വിറവിറയ്ക്കണ്
ചുറ്റിചുറ്റി പറക്കണ്

കുട വരയ്ക്കാം; നിറം നൽകാം



കടങ്കഥയ്ക്ക് ഉത്തരം കണ്ടെത്താം

കാലിൽ പിടിച്ചാൽ തോളിൽ കയറും

അപ്പൻ വീട്ടിലെത്തിയാൽ മക്കൾ വിടരും

വടിയുമില്ല കയറുമില്ല ആകാശത്തു നിന്ന്
താഴേക്ക് ഇറങ്ങും

ആയിരം പേർ ചേർന്ന് നെയ്താലും
ഒരില പോലും മറക്കാൻ കഴിയില്ല

വെയിലത്ത് വിരിയും മഴയത്ത് വിരിയും
വീട്ടിലെത്തിയാൽ കൂമ്പും

അമ്മ ആകാശത്ത് മകൾ ഭൂമിയിൽ

ആകാശത്ത് നിന്ന് വീഴുന്ന മുത്തുമാല
മണ്ണിൽ വീണാൽ ഉടഞ്ഞു പോകും

ടീഴ 'കമ(ളളിയകമ) : ാമയമള


ചിത്രം നോക്കി
കഥ പറയാം


ഓ ! നല്ല മഴ വരുന്നു!
എനിക്ക് പുറത്തു
പോയി കളിക്കണം.


നന... നന...
നനയുന്നേ.....


തവള കുട്ടാ! മഴ നനഞ്ഞു
കൂടാ! അതിനാൽ നീ ഈ മഴ
നനയരുതേ!


നിനക്ക് എന്റെ കുട
വീടാക്കി തരാം.





കഥ വായിച്ച് രസിക്കാം

ചിന്നുവും പൂമ്പാറ്റയും



ഒരു ഗ്രാമത്തിൽ ചിന്നു എന്ന് പേരുള്ള ഒരു മിടുക്കി കുട്ടി ഉണ്ടായിരുന്നു. അവൾക്ക് മഴ എന്നുവച്ചാൽ വളരെ ഇഷ്ടമാണ്.

ഒരിക്കൽ ആകാശം കറുത്ത് ഇരുണ്ടുവന്നു. "ദാ വരുന്നു മഴ" ചിന്നു സന്തോഷത്തോടെ തുള്ളിച്ചാടി. അവൾ തന്റെ പ്രിയപ്പെട്ട കൂട്ടുകാരിയായ പല വർണ്ണത്തിലുള്ള കുഞ്ഞൻ കുടയും എടുത്ത് മുറ്റത്തേക്ക് ഓടി. മഴത്തുള്ളികൾ ഡപ്പ് ഡപ്പ് എന്ന് കുടയുടെ മുകളിൽ താളംപിടിച്ചു.


പെട്ടെന്നാണ് ചിന്നു ഒരു കാര്യം ശ്രദ്ധിച്ചത് മുറ്റത്തെ ചെമ്പരത്തി ചെടിയുടെ ഇലയ്ക്കടിയിൽ ഒരു കുഞ്ഞി തുമ്പി

നനഞ്ഞു വിറച്ചിരിക്കുന്നു. മഴ കാരണം അതിന് പറക്കാൻ പറ്റുന്നില്ല.

ചിന്നു മെല്ലെ നടന്ന് തന്റെ വർണ്ണക്കുട തുമ്പിയുടെ മുകളിൽ പിടിച്ചു. മഴ നനയാതെ തുമ്പി സുരക്ഷിതമായി.

കുറച്ചു കഴിഞ്ഞപ്പോൾ മഴ തോർന്നു വെയിൽ വന്നപ്പോൾ തുമ്പി ചിറകുകൾ വീശി ചിന്നുവിനെ നോക്കി ഒന്ന് വട്ടം കറങ്ങി പറന്നുപോയി. അത് നന്ദി പറയുകയാണെന്ന് ചിന്നുവിന് മനസ്സിലായി.

അന്ന് രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ചിന്നു അമ്മയോട് പറഞ്ഞു അമ്മേ, മഴ പെയ്യുന്നത് ചെടികൾക്കും പൂക്കൾക്കും മാത്രമല്ല എന്നെപ്പോലെ മറ്റുള്ളവരെ സഹായിക്കാൻ കൂടി വേണ്ടിയാണല്ലേ? അമ്മ ചിന്നുവിനെ ചേർത്തുപിടിച്ച് ഒരു ഉമ്മ നൽകി.





എഴുതി പരിശീലിക്കാം

1 കഥയിൽ നിന്നും നിങ്ങൾക്ക് ഇഷ്ടപ്പെട്ട പദങ്ങൾ എഴുതുക.



2 കഥയിൽ നിന്നും നിങ്ങൾക്ക് ഇഷ്ടപ്പെട്ട വാക്യം എഴുതുക.

.....

.....

3 പ്രസംഗവേദി

എന്റെ മഴ



4 മഴച്ചൊല്ലുകൾ വായിക്കാം കണ്ടെത്താം

പ്രധാന മഴച്ചൊല്ലുകൾ

‘കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും നെല്ല്’

(കുംഭമാസത്തിലെ മഴ കൃഷിക്ക് അത്രത്തോളം ഗുണകരമാണെന്നാണ് ഇതിനർത്ഥം.)

‘മീനത്തിൽ മഴ പെയ്താൽ മീനിനും തണ്ണീരില്ല’

(മീനമാസത്തിലെ കഠിനമായ ചൂടിൽ പെയ്യുന്ന മഴവെള്ളം പെട്ടെന്ന് വറ്റിപ്പോകുമെന്നും ഉണങ്ങിപ്പോകുമെന്നും അത് ചൂട് വർദ്ധിപ്പിക്കുമെന്നും കരുതിപ്പോരുന്നു.)

‘മകയിരത്തിൽ മഴ പെയ്താൽ മണ്ണിലും മഴ’

(മകയിരം ഞാറ്റുവേലയിൽ മഴ പെയ്താൽ ആ വർഷം നല്ല വിളവ് ലഭിക്കുമെന്ന് കർഷകർ വിശ്വസിക്കുന്നു.)

‘തിരുവാതിരയിൽ തിരിമുറിയാതെ മഴ’

(തിരുവാതിര ഞാറ്റുവേലയിലെ നിർത്താതെയുള്ള മഴയെ സൂചിപ്പിക്കുന്നു.)

‘ചിങ്ങത്തിൽ ചിന്നിയ മഴ’

(ചിങ്ങമാസത്തിൽ ഇടയ്ക്കിടെ പെയ്യുന്ന വെയിലും മഴയും കലർന്ന അവസ്ഥ.)



5 മഴ പെയ്യുന്നു സ്കൂളിൽ നിന്നും വീട്ടിലേക്ക് പോയി കുടയെടുത്ത് വരാൻ കുട്ടിക്ക് വഴി കാണിക്കാമോ?



6 ഭാവനയ്ക്ക് അനുസരിച്ച് ചിത്രം വരച്ചു നിറം നൽകുക



മഴ

7 സംഭാഷണം വായിക്കാം; എഴുതാം



: മഴത്തുള്ളി.. മഴത്തുള്ളി.. നീ എന്താ താഴേക്ക് വരാത്തത്?

ഓ,പിന്നെ വരാം എനിക്ക് വയ്യ ! 



: ചൂട് സഹിക്കാൻ വയ്യാഞ്ഞിട്ടാണ്

ശരി എന്നാൽ ഞാൻ വരാം. പക്ഷേ ഒരു കാര്യം.....

..... 



: .....



: .....

8 കണ്ടെത്താം എഴുതാം.



എന്റെ നാട്ടിലെ ജലസ്രോതസ്സുകൾ

9 മഴപ്പാട്ടുകൾ പാടി രസിക്കാം







ഒരു മഴ പെയ്തു
ഭൂമി കുളിർത്തു
ഒരു കതിർ നീണ്ടു
ഭൂമി പൊലിച്ചു

അയ്യപ്പപ്പണിക്കർ



കൂട്ടുകാരേ
മഴ ചൊരിഞ്ഞു പുഴകവിഞ്ഞു
പുഴ കടക്കാൻ പുതിയ തോണി
പുതിയ തോണി തുഴഞ്ഞ് പോകാൻ
തുണ വരുമോ കൂട്ടുകാരേ
കഥ പറയും കൂട്ടുകാരേ
കളി പറയും കൂട്ടുകാരേ

ഓ. എൻ. വി




10 ഏകവചനം ബഹുവചനം മനസ്സിലാക്കാം

ചിത്രശലഭം, മഴത്തുള്ളികൾ, ചെടികൾ, കുളം,
വെള്ളച്ചാട്ടങ്ങൾ, മരം, കുടകൾ, പൂവ്, തോണി, കൂട്ടുകാർ

ഏകവചനം	ബഹുവചനം

11 കുടുംബാംഗങ്ങളുടെ ഫോട്ടോ ഒട്ടിച്ച് പേരെഴുതുക



12 സ്ത്രീലിംഗം പുല്ലിംഗം

മുത്തശ്ശൻ, അമ്മായി, വല്യച്ഛൻ, അച്ഛൻ, അമ്മൂമ്മ, ചെറിയച്ഛൻ, ചെറിയമ്മ, അമ്മ, കൂട്ടുകാരി, അമ്മാവൻ

സ്ത്രീലിംഗം	പുല്ലിംഗം

13 പദങ്ങൾ രൂപപ്പെടുത്തി വാക്യം എഴുതുക

ഇന്നലെ ഞാൻ
- പഠിച്ചു _____
- കളിച്ചു _____
- വന്നു _____

ഇപ്പോൾ ഞാൻ
- പഠിക്കുന്നു _____
- കളിക്കുന്നു _____
- വരുന്നു _____

നാളെ ഞാൻ
- പഠിക്കും _____
- കളിച്ചും _____
- വരും _____

14 മാതൃക പോലെ എഴുതാം



പൂക്കൾ .....

പൂവ് .....





.....

.....





.....

.....




ചിന്തിച്ചുനോക്കാം

ചിത്രത്തിൽ കാണുന്ന ജീവികളിൽ നിങ്ങൾക്ക് ഇഷ്ടമുള്ള അഞ്ച് ജീവികൾക്ക് വട്ടം വരയ്ക്കുക.



ചിത്രം പൂർത്തിയാക്കുക



പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക്

ക ഖ ഗ ഘ ങ ച ഛ ജ ഝ ഞ ട ഠ ഡ ഢ ണ

ത ഥ ദ ധ ന പ ഫ ബ ഭ മ യ ര ല വ ശ ഷ

ണ ത യ ര ക

ല വ ശ ന ട ഛ


ങ്ങ ത പ സ ഷ

കടൽ

ക

ക ട → കട

കട ൽ → കടൽ



പട്ടണം


പ

പ ട്ട → പട്ട

പട്ട ണം → പട്ടണം

വട	പകൽ	തവള	ഗണിതം
പന	തൂവൽ	താറാവ്	പൂക്കളം
തല	മയിൽ	പിതാവ്	മാതളം

പാവ
എന്റെ പാവ
എന്റെ നിറമുള്ള പാവ



എന്റെ പിതാവ്
എന്റെ തൂവൽ
നിന്റെ പൂക്കളം
എന്റെ മിഠായി

റ ഴ ള ഹ സ ഷ

3 മരം ഒരു വരം


പ്രകൃതിഗീതം

പൂത്തുനിൽക്കും പൂവാടിയിൽ
പുഞ്ചിരിക്കും പൂക്കൾ,
പച്ചപ്പട്ടു പുതച്ചുനിൽക്കും
പടർന്നുനിൽക്കും കാട്.

അരികെ നിൽക്കും കൂറ്റൻ മല
മുകളിൽ വെള്ളിമേഘം,
അരുവി പാടും പാട്ടു കേട്ടു
തുടിപ്പൂ കാട്ടുഗീതം.

ചില്ലുനീർ കുടിക്കുവാൻ
കൂട്ടംകൂടി മൃഗങ്ങൾ,
ചിറകടിച്ചു പാറിവന്നു
ചെറുനാര പക്ഷികൾ.

ഒന്നായി വാഴുമീ മണ്ണിൽ
നമ്മളൊന്നു പോലെ,
കാത്തുനിൽക്കാം ഈ അഴകിനെ
കരളുരുകും സ്നേഹത്തോടെ



ചിത്രം നോക്കി കഥ പറയാം










കടങ്കഥ ചിത്രവുമായി യോജിപ്പിക്കാം; എഴുതാം

കുളിച്ചാലും കുളിച്ചാലും
ഈറനണിയാത്തവൾ



തലയുണ്ട് തലപ്പാവില്ല
വയറുണ്ട് കുടവയറില്ല
കാലുണ്ട് പാദമില്ല



വെള്ളത്തിലിട്ടാൽ പൊങ്ങിക്കിടക്കും
വെയിലത്തിട്ടാൽ കരിഞ്ഞുപോകും



ആയിരം കിളികൾക്കിരിക്കാൻ
ഒരൊറ്റക്കൊമ്പ്



തൊട്ടാൽ വാടും തൊട്ടില്ലെങ്കിൽ നിൽക്കും
സുന്ദരിയെങ്കിലും നാണക്കാരി



ട്രാൻസിസ്റ്റർ, മരം, തെങ്ങ്, വാഴ

മരത്തിന്റെ ആത്മഗതം



എത്ര നാളായി ഈ ആകാശം ഒന്ന് കറുത്തിട്ട്? ചുട്ടുപൊള്ളുന്ന ഈ വെയിലിൽ എന്റെ ഇലകളെല്ലാം കരുവാളിച്ചു പോയി. പണ്ട് പട്ടു പോലെ തിളങ്ങിയിരുന്ന എന്റെ പച്ചപ്പൊക്കെ എവിടെപ്പോയി മറഞ്ഞു?

ദാഹിച്ചിട്ട് വയ്യ... മണ്ണിലെ ഈർപ്പമെല്ലാം വറ്റിപ്പോയിരിക്കുന്നു. എന്റെ വേരുകൾ താഴേക്ക് ആവുന്നത്ര ആഴ്ന്നുചെന്നു നോക്കി, എവിടെയും ഒരു തുള്ളി വെള്ളമില്ല. മണ്ണ് പാറ പോലെ ഉറച്ചിരിക്കുന്നു. എന്റെ ഉള്ളിലെ ജീവരസം പോലും വറ്റിത്തുടങ്ങിയോ എന്ന് എനിക്ക് സംശയമാണ്.

അതാ... ദൂരെ മലനിരകൾക്ക് മുകളിൽ കരിമേഘങ്ങൾ ഉരുണ്ടുകൂടുന്നുണ്ടല്ലോ! അതോ എന്റെ തോന്നലാണോ? അല്ല, കാറ്റിന് ഇപ്പോൾ ഒരു പ്രത്യേക മണമുണ്ട്... മണ്ണിന്റെ മണം! വരാനിരിക്കുന്ന മഴയുടെ നനവുള്ള മണം.

വരൂ... മഴയേ വേഗം വരൂ! നീ പെയ്യുമ്പോൾ ആദ്യം എന്റെ തല മുടിയിലെ (ഇലകളിലെ) ഈ പൊടിയെല്ലാം ഒന്ന് കഴുകിക്കളയണം. എന്നിട്ട് പതുക്കെ എന്റെ ഉടലിലൂടെ ഒലിച്ചിറങ്ങി താഴെ മണ്ണിലേക്ക് ചെല്ലണം. അവിടെ കാത്തിരിക്കുന്ന എന്റെ കുഞ്ഞു വേരുകൾക്ക് നീ അമൃതാണ്. അവർക്ക് നീ ജീവൻ നൽകണം.

നീ പെയ്യുമ്പോൾ എന്റെ ചില്ലകളിൽ അഭയം തേടി ഒരുപാട് പക്ഷികൾ വരും. അവർക്ക് കുടിക്കാൻ കുറച്ച് വെള്ളം എന്റെ ഇലക്കുമ്പിളുകളിൽ ഞാൻ കരുതി വയ്ക്കാം.

എന്റെ തൊട്ടടുത്ത് നിൽക്കുന്ന ആ ചെറിയ ചെടി കണ്ടോ? പാവം, അവൾ വാടിത്തളർന്നു വീഴാറായിരിക്കുന്നു. അവൾക്ക് വേണ്ടിയാണ് എനിക്ക് കൂടുതൽ സങ്കടം. അവൾക്ക് ഒന്ന് നിവർന്നുനിൽക്കാൻ നിന്റെ ഒരു തുള്ളി മതിയാകും.

ആഹാ... ആദ്യത്തെ തുള്ളി എന്റെ നെറുകയിൽ വീണു! എന്ത് തണുപ്പ്! എന്ത് സുഖം! ഇതാ വരുന്നു ആയിരമായിരം മുത്തു തുള്ളികൾ... ഇനി എനിക്ക് പേടിയില്ല. ഈ വർഷവും ഞാൻ തഴച്ചു വളരും... പൂക്കും... കായ്ക്കും...'





എഴുതി പരിശീലിക്കാം

1 കഥയിൽ നിന്നും നിങ്ങൾക്ക് ഇഷ്ടപ്പെട്ട പദങ്ങൾ എഴുതുക.



2 കഥയിൽ നിന്നും നിങ്ങൾക്ക് ഇഷ്ടപ്പെട്ട വാക്യം എഴുതുക.

.....

.....

3 പ്രസംഗവേദി

മഴ അനുഭവം പറയാം



ചോദ്യങ്ങൾ:

താഴെ തന്നിരിക്കുന്ന വാക്യങ്ങൾ ശ്രദ്ധിച്ചു വായിച്ച്, ആ മരത്തിന് സന്തോഷമാണോ സങ്കടമാണോ എന്ന് അടയാളപ്പെടുത്തുക.

1. ആകാശത്ത് മഴമേഘങ്ങൾ വരുന്നു, മഴ പെയ്യാൻ തുടങ്ങുന്നു.
   (സന്തോഷം / സങ്കടം)
2. ചുറ്റുമുള്ള കിളികളും പൂമ്പാറ്റകളും പറന്നു പോകുന്നു.
   (സന്തോഷം / സങ്കടം)
3. മരത്തിലെ പച്ച ഇലകളെല്ലാം ഉണങ്ങി കൊഴിഞ്ഞു വീഴുന്നു.
   (സന്തോഷം / സങ്കടം)
4. മഴവില്ല് വിരിയുകയും മുയലുകൾ കളിക്കാൻ വരികയും ചെയ്യുന്നു.
   (സന്തോഷം / സങ്കടം)

മുഖഭാവം വരയ്ക്കാം (മുഖം വരയ്ക്കുക) ☺ ☹

താഴെ തന്നിരിക്കുന്ന വട്ടങ്ങളിൽ ചിത്രത്തിലെ മരങ്ങളുടെ വികാരം അനുസരിച്ചുള്ള മുഖഭാവങ്ങൾ വരയ്ക്കുക.

മഴയുള്ളപ്പോൾ മരം: _____

വെയിലിൽ ഉണങ്ങിയപ്പോൾ മരം: _____

ശരിയായ വാക്ക് തെരഞ്ഞെടുക്കാം

മരം നിൽക്കുന്നത് (പുൽമേട്ടിലാണ് / കടലിലാണ്).

ഉണങ്ങിയ മരത്തിന് ചുറ്റും (പൂക്കളുണ്ട് / ഇലകളുണ്ട്).

സന്തോഷമുള്ള മരത്തിന് മുകളിൽ (പക്ഷികളുണ്ട് / പാമ്പുകളുണ്ട്).

ആകാശത്ത് തെളിഞ്ഞു നിൽക്കുന്നത് (മഴവില്ലാണ് / നക്ഷത്രമാണ്).

താഴെ തന്നിരിക്കുന്ന അക്ഷരങ്ങൾ ഉപയോഗിച്ച് വാക്ക് പൂർത്തിയാക്കുക. (ളി, ഴ, വ, ല്ല്, ൽ, രം)

മ ഴ വി ല്ല് = മഴവില്ല്

മ _____

കി _____

പാടി രസിക്കാം



ക്ഷണക്കത്ത്

അങ്ങനെ കുരുവി ഒരു കൂടുണ്ടാക്കി. ഗൃഹപ്രവേശനത്തിന് കൂട്ടുകാരെ ക്ഷണിക്കണം. കുരുവി തീരുമാനിച്ചു. തയ്യാറാക്കിയ ക്ഷണക്കത്ത് വായിക്കാം.

കൂട്ടുകാരെ,

ഞാൻ മരച്ചില്ലയിൽ ഒരു പുതിയ വീട് നിർമ്മിച്ചിട്ടുണ്ട്. അടുത്ത വെള്ളിയാഴ്ച (07/08/2026) അവിടെ താമസം ആവുകയാണ്. രാവിലെ 8:00 മണിക്ക് ആൽമരച്ചുവട്ടിലെ പച്ചപ്പുൽമേട്ടിൽ വച്ചാണ് ചടങ്ങ്. കുടുംബത്തോടൊപ്പം എല്ലാവരും വന്നു ചേരണേ

എന്ന്
കിങ്ങിണി കുരുവി,
മൈലാഞ്ചിക്കാട്.

മൈലാഞ്ചി കാട്ടിലെ കുരുവിയുടെ ഗൃഹപ്രവേശനത്തിന് തയ്യാറാക്കിയ കത്ത് വായിച്ചല്ലോ? അതുപോലെ മരത്തിന് ഒരു കത്ത് എഴുതുക (മഴ കാത്തു നിൽക്കുന്ന മരത്തിന്)

പ്രിയപ്പെട്ട മരമേ,

നീ സങ്കടപ്പെടേണ്ട. നിന്റെ ഇലകളെല്ലാം കൊഴിഞ്ഞു പോയതിൽ എനിക്കും വിഷമമുണ്ട്. നീ തിരികെ പഴയതുപോലെ ആവാൻ ഞാൻ _____(എന്തു ചെയ്യും?).വേഗം തന്നെ _____ (എന്തുണ്ടാകും?) പെയ്യും. അപ്പോൾ നിനക്ക് വീണ്ടും_____ (എന്ത് നിറം?) ഇലകൾ വരും.

സ്നേഹത്തോടെ,
_____ (നിന്റെ പേര്)

വരയ്ക്കാം നിറം നൽകാം

ഒരു വെള്ളക്കടലാസിൽ, ഈ മരത്തെ സഹായിക്കാൻ കഴിയുന്ന എന്തെങ്കിലും വരയ്ക്കുക (ഉദാഹരണത്തിന്: മുകളിൽ നിന്ന് വീഴുന്ന മഴത്തുള്ളികൾ, അല്ലെങ്കിൽ മരത്തിന് വെള്ളം നനയ്ക്കുന്ന ഒരു കുട്ടി).

മരത്തെക്കുറിച്ചുള്ള പഴഞ്ചൊല്ലുകൾ പഠിക്കാം

ആഴത്തിൽ വേരോടിയ മരം കാറ്റിൽ വീഴില്ല

വിത്തുഗുണം പത്തുഗുണം

മരം വെട്ടുന്നവനും തണൽ കൊടുക്കുന്നവനാണ് വൃക്ഷം

ഫലമുള്ള വൃക്ഷമേ കല്ലേറു വാങ്ങൂ

മുളയിലെ നുള്ളണം

കാട്ടിൽ കാണുന്ന കൂട്ടുകാരെ കണ്ടെത്തി എഴുതുക



മു

പു ൽ കു

വ ണ്ണാ യ ര

അ റു ലി ക

മാ ക്ക സിം പ

ആ മ്പ് ഹം

ടു ങ്ങ ങ്ങ

ന ന്നി ൻ

ടി

ചിത്രവിവരണം

1. കാട്ടിൽ എന്തൊക്കെയാണ് കാണുന്നത് ?

   അ) മരങ്ങൾ, മൃഗങ്ങൾ, ചെടികൾ

   ആ) പക്ഷികൾ, കുട്ടികൾ, മൃഗങ്ങൾ

   ഇ) കുട്ടികൾ, വാഹനങ്ങൾ, മൃഗങ്ങൾ

   ഈ) ഇവയൊന്നുമല്ല

2. മൃഗങ്ങൾ എന്താണ് ചെയ്യുന്നത്?

   അ) കളിക്കുന്നു ആ) കരയുന്നു

   ഇ) ഉറങ്ങുന്നു ഈ) ഇവയൊന്നുമല്ല

3. ആന എന്തു ചെയ്യുന്നു ?

   _____

4. ചിത്രത്തിൽ എത്ര മൃഗങ്ങളാണ് ഉള്ളത്?

   _____

5. മരച്ചില്ലയിൽ എത്ര പക്ഷികളാണ് ഉള്ളത്?

   _____

മാതൃക പോലെ ക്രമപ്പെടുത്തി എഴുതാം

1. കണ്ടു/ആനയെ/കാട്ടിൽ

   കാട്ടിൽ/ആനയെ/കണ്ടു

2. കണ്ടു/വയലിൽ/കൊറ്റികളെ

   _____

3. കണ്ടു/മൈതാനത്ത്/കുട്ടികളെ

   _____

4. ചില്ലയിൽ/കണ്ടു/കുരങ്ങുകളെ

   _____

5. കണ്ടു/നീർനായയെ/പുഴയിൽ

   _____

പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക്

കി ടി നി ങ്ങി ണി

ലി ചി ഴി മി തി ഷി

പി രി റി വി ശി

നിലവിളക്ക്

നി

നില ⟶ നില

നിലവി ⟶ നിലവി

നിലവിള ⟶ നിലവിള

നിലവിളക്ക് ⟶ നിലവിളക്ക്



തിരുവാതിര

തി

തിരു ⟶ തിരു

തിരുവാ ⟶ തിരുവാ

തിരുവാതി ⟶ തിരുവാതി

തിരുവാതിര ⟶ തിരുവാതിര

പിടി വിട മയിൽ ഇഞ്ചി


തടി തിങ്കൾ വിശറി തിരക്ക്

വടി മിന്നൽ കരടി തിലകം

മിഠായി

മധുരമുള്ള മിഠായി

വളരെ മധുരമുള്ള മിഠായി



വിശറി നിർമ്മിച്ചു

വിത്ത് വിതച്ചു

ചിരിച്ചുനിന്നു

മിന്നൽ കണ്ടു

കി ഖി ഗി ഘി ങി ചി ഛി ജി ഝി ഞി ടി ഠി ഡി ഢി ണി

തി ഥി ദി ധി നി പി ഫി ബി ഭി മി യി രി ലി വി ശി

റ ഴ ള ഹ സ ഷ

വായിച്ച് രസിക്കാം



മരം വെട്ടുകാരൻ കാട്ടിലെത്തി
വലിയ മരം നോക്കി നടന്നു
ദൂരെ വലിയ ഒരു മരം കണ്ടു
അങ്ങോട്ട് നടന്നു. അടുത്ത് എത്തി
മുകളിലേക്ക് നോക്കി
നിറയെ പക്ഷിക്കൂടുകൾ കണ്ടു
അയാൾക്ക് ദയ തോന്നി. ആ മരം വെട്ടാതെ
തിരിച്ചു നടന്നു.



മലയാള അക്ഷരമാല

	അ	ആ	ഇ	ഈ	ഉ	ഊ
ക	ക	കാ	കി	കീ	കു	കൂ
ഖ	ഖ	ഖാ	ഖി	ഖീ	ഖു	ഖൂ
ഗ	ഗ	ഗാ	ഗി	ഗീ	ഗു	ഗൂ
ഘ	ഘ	ഘാ	ഘി	ഘീ	ഘു	ഘൂ
ങ	ങ	ങാ	ങി	ങീ	ങു	ങൂ
ച	ച	ചാ	ചി	ചീ	ചു	ചൂ
ഛ	ഛ	ഛാ	ഛി	ഛീ	ഛു	ഛൂ
ജ	ജ	ജാ	ജി	ജീ	ജു	ജൂ
ഝ	ഝ	ഝാ	ഝി	ഝീ	ഝു	ഝൂ
ഞ	ഞ	ഞാ	ഞി	ഞീ	ഞു	ഞൂ
ട	ട	ടാ	ടി	ടീ	ടു	ടൂ
ഠ	ഠ	ഠാ	ഠി	ഠീ	ഠു	ഠൂ
ഡ	ഡ	ഡാ	ഡി	ഡീ	ഡു	ഡൂ
ഢ	ഢ	ഢാ	ഢി	ഢീ	ഢു	ഢൂ
ണ	ണ	ണാ	ണി	ണീ	ണു	ണൂ
ത	ത	താ	തി	തീ	തു	തൂ
ഥ	ഥ	ഥാ	ഥി	ഥീ	ഥ	ഥൂ
ദ	ദ	ദാ	ദി	ദീ	ദ	ദൂ
ധ	ധ	ധാ	ധി	ധീ	ധ	ധൂ
ന	ന	നാ	നി	നീ	ന	നൂ
പ	പ	പാ	പി	പീ	പ	പൂ
ഫ	ഫ	ഫാ	ഫി	ഫീ	ഫ	ഫൂ
ബ	ബ	ബാ	ബി	ബീ	ബ	ബൂ
ഭ	ഭ	ഭാ	ഭി	ഭീ	ഭ	ഭൂ
മ	മ	മാ	മി	മീ	മ	മൂ
യ	യ	യാ	യി	യീ	യ	യൂ
ര	ര	രാ	രി	രീ	ര	രൂ
ല	ല	ലാ	ലി	ലീ	ല	ലൂ
വ	വ	വാ	വി	വീ	വ	വൂ
ശ	ശ	ശാ	ശി	ശീ	ശ	ശൂ
ഷ	ഷ	ഷാ	ഷി	ഷീ	ഷ	ഷൂ
സ	സ	സാ	സി	സീ	സ	സൂ
ഹ	ഹ	ഹാ	ഹി	ഹീ	ഹ	ഹൂ
ള	ള	ളാ	ളി	ളീ	ള	ളൂ
ഴ	ഴ	ഴാ	ഴി	ഴീ	ഴ	ഴൂ
റ	റ	റാ	റി	റീ	റ	റൂ

ു	എ	ഏ	ഐ	ഒ	ഓ	ഔ
കു	കെ	കേ	കൈ	കൊ	കോ	കൗ
ഖു	ഖെ	ഖേ	ഖൈ	ഖൊ	ഖോ	ഖൗ
ഗു	ഗെ	ഗേ	ഗൈ	ഗൊ	ഗോ	ഗൗ
ഘ്നു	ഘ്നെ	ഘ്നേ	ഘ്നൈ	ഘ്നൊ	ഘ്നോ	ഘ്നൗ
ങു	ങെ	ങേ	ങൈ	ങൊ	ങോ	ങൗ
ചു	ചെ	ചേ	ചൈ	ചൊ	ചോ	ചൗ
ഛു	ഛെ	ഛേ	ഛൈ	ഛൊ	ഛോ	ഛൗ
ജു	ജെ	ജേ	ജൈ	ജൊ	ജോ	ജൗ
ഝു	ഝെ	ഝേ	ഝൈ	ഝൊ	ഝോ	ഝൗ
ഞു	ഞെ	ഞേ	ഞൈ	ഞൊ	ഞോ	ഞൗ
ടു	ടെ	ടേ	ടൈ	ടൊ	ടോ	ടൗ
ഠു	ഠെ	ഠേ	ഠൈ	ഠൊ	ഠോ	ഠൗ
ഡു	ഡെ	ഡേ	ഡൈ	ഡൊ	ഡോ	ഡൗ
ഢു	ഢെ	ഢേ	ഢൈ	ഢൊ	ഢോ	ഡൗ
ണു	ണെ	ണേ	ണൈ	ണൊ	ണോ	ണൗ
തു	തെ	തേ	തൈ	തൊ	തോ	തൗ
ഥു	ഥെ	ഥേ	ഥൈ	ഥൊ	ഥോ	ഥൗ
ദു	ദെ	ദേ	ദൈ	ദൊ	ദോ	ദൗ
ധു	ധെ	ധേ	ധൈ	ധൊ	ധോ	ധൗ
നു	നെ	നേ	നൈ	നൊ	നോ	നൗ
പു	പെ	പേ	പൈ	പൊ	പോ	പൗ
ഫു	ഫെ	ഫേ	ഫൈ	ഫൊ	ഫോ	ഫൗ
ബു	ബെ	ബേ	ബൈ	ബൊ	ബോ	ബൗ
ഭു	ഭെ	ഭേ	ഭൈ	ഭൊ	ഭോ	ഭൗ
മു	മെ	മേ	മൈ	മൊ	മോ	മൗ
യു	യെ	യേ	യൈ	യൊ	യോ	യൗ
രു	രെ	രേ	രൈ	രൊ	രോ	രൗ
ലു	ലെ	ലേ	ലൈ	ലൊ	ലോ	ലൗ
വു	വെ	വേ	വൈ	വൊ	വോ	വൗ
ശു	ശെ	ശേ	ശൈ	ശൊ	ശോ	ശൗ
ഷു	ഷെ	ഷേ	ഷൈ	ഷൊ	ഷോ	ഷൗ
സു	സെ	സേ	സൈ	സൊ	സോ	സൗ
ഹു	ഹെ	ഹേ	ഹൈ	ഹൊ	ഹോ	ഹൗ
ളു	ളെ	ളേ	ളൈ	ളൊ	ളോ	ളൗ
ഴു	ഴെ	ഴേ	ഴൈ	ഴൊ	ഴോ	ഴൗ
റു	റെ	റേ	റൈ	റൊ	റോ	റൗ


പദപ്രശ്നം

വലത്തോട്ട്

1. ഞാൻ മൂക്കുകൊണ്ട് വെള്ളം വലിച്ചെടുക്കാൻ കഴിയുന്ന ജീവിയാണ്.
2. മഴമേഘങ്ങൾ കണ്ടാൽ ഞാൻ പീലി വിടർത്തി കളിയാടും.
3. മരങ്ങൾതോറും ചാടി നടക്കും വാലിൽ തൂങ്ങി ഊഞ്ഞാലാടും. (നാലക്ഷരം)

താഴോട്ട്

4. ആളെ കണ്ടാൽ കയ്യും തലയും കട്ടിത്തോടിനുള്ളിലേക്ക് വലിക്കും. ഞാൻ ആരെന്ന് പറയാമോ? (രണ്ടക്ഷരം)
5. കറുത്ത കമ്പിളി കുപ്പായക്കാരൻ. തേനാണ് എന്റെ ഇഷ്ടാഹാരം.
6. മും... മും.... മൂളും ഞാൻ. രാത്രിയിലാണെൻ സഞ്ചാരം?
7. പുറത്ത് മൂന്നു വരയുണ്ട്. ചിൽ... ചിൽ എന്ന് ചിലക്കും. ഞാൻ ആരാണ്?




കഥ വായിച്ചു രസിക്കാം

കരടി കുട്ടിയുടെ ആദ്യ യാത്ര



കരടി കാടിറങ്ങി, കൂടെ കരടി കുഞ്ഞും ആദ്യമായിട്ടാണ് കരടിക്കുഞ്ഞ് കാട് ഇറങ്ങുന്നത്.



അമ്മ കരടി കുണുങ്ങിക്കുണുങ്ങി നടപ്പാണ്. അമ്മയുടെ നടത്തത്തിന് എന്തൊരു വേഗത !



അമ്മേ! ഒന്നു മെല്ലെ നടക്കൂ..... ഞാൻ ഒപ്പം എത്തട്ടെ... കരടിക്കുഞ്ഞ് ഉറക്കെ പറഞ്ഞു. ശരി വരൂ! നിന്നെ ഞാൻ തോളിലേറ്റാം.



ദൂരെ നിന്ന് ഹോൺ അടികേട്ടു..... അമ്മക്കരടി പൊന്തയിൽ മറഞ്ഞു. കുഞ്ഞിക്കരടി അമ്മയുടെ അടുത്തേക്ക് ഓടി എത്തി.



ഭയന്ന് വിറച്ച് കുഞ്ഞിക്കരടി മരച്ചുവട്ടിൽ തളർന്നിരുന്നു. അമ്മക്കരടി അവളെ ആശ്വാസിപ്പിച്ച് തിരികെ കാട്ടിലേക്ക് സന്തോഷത്തോടെ കൊണ്ടുപോയി.

നിറം നൽകാം



ഇഷ്ടമുള്ള വളർത്തുമൃഗത്തെ വരച്ച് നിറം നൽകാം

കുഞ്ഞെഴുത്ത്



1. ചിത്രത്തിൽ ആരെല്ലാം?

_____

_____

2..ഉയരം കൂടിയത് ആർക്കാണ്

_____

_____

3.പുറത്ത് തോടുള്ളത് ആർക്ക്?

_____

_____

4.ആകാശത്ത് ആരാണുള്ളത്?

_____

_____

ഇഷ്ടമുള്ള നിറം നൽകി രസിക്കാം



ഇഷ്ടമുള്ളത് വരച്ചു രസിക്കാം








പാടി രസിക്കാം

പഞ്ചാരക്കുഞ്ചു

കുഞ്ചിയമ്മക്കഞ്ചുമക്കളാണേ
യഞ്ചാമനോമനക്കുഞ്ചുവാണേ
പഞ്ചാര വിറ്റു നടന്നു കുഞ്ചു
പഞ്ചാരക്കുഞ്ചുവെന്ന പേരു വന്നു
വഞ്ചിയിൽപഞ്ചാരച്ചാക്കു വച്ചു
തുഞ്ചത്തിരുന്നു തുഴഞ്ഞു കുഞ്ചു
പഞ്ചാര തിന്നു മടുത്തു കുഞ്ചു
ഇഞ്ചി കടിച്ചു രസിച്ചു കുഞ്ചു
കുഞ്ചിയമ്മക്കഞ്ചു മക്കളാണേ
യഞ്ചാമൻ പഞ്ചാരക്കുഞ്ചുവാണേ



വായിച്ചു രസിക്കാം

സിംഹത്തിന് പറ്റിയ അമളി

ഒരിക്കൽ ഒരു സിംഹം ഇര തേടി നടക്കുകയായിരുന്നു.

സിംഹം ഒരു തടിയൻ മുയൽ ഉറങ്ങിക്കിടക്കുന്നത് കണ്ടു.

സിംഹത്തിന് വലിയ സന്തോഷമായി.

ഉറങ്ങുന്ന തടിയൻ മുയലിനെ കടിക്കാനായി സിംഹം ഒരുങ്ങി.

അപ്പോഴാണ് ഒരു മാൻ അതിലെ ഓടുന്നത് സിംഹം കണ്ടത്.

കുറച്ചുകൂടി വലിയ ഇരയാണല്ലോ മാൻ! അതിനെ പിടിച്ചു കളയാം.
സിംഹം മാനിന് പുറകെ ഓടി. മാൻ കുതിച്ചോടി.

സിംഹത്തിന് മാനിനെ കിട്ടിയില്ല. ഓടിത്തളർന്ന സിംഹം മുയൽ കിടന്നിടത്തേക്ക് വന്നു.

അപ്പോഴോ മുയലില്ല. മുയൽ ഉണർന്ന് ഓടിപ്പോയിരുന്നു.

വിശന്നു വലഞ്ഞ സിംഹം ഓർത്തു, “മുയൽ മതിയായിരുന്നു.”

മാനിന്റെ പുറകെ പോയപ്പോൾ മാനുമില്ല മുയലുമില്ല.





മാതൃക പോലെ ഇലകൾ ഉപയോഗിച്ച് ചിത്രങ്ങൾ നിർമ്മിക്കുക.











മാതൃക പോലെ ഇലകൾ ഉപയോഗിച്ച് ചിത്രങ്ങൾ നിർമ്മിക്കുക.

അക്ഷരമാല

സ്വരങ്ങൾ

അ	ആ	ഇ	ഈ
ഉ	ഊ	ഋ	
എ	ഏ	ഐ	
ഒ	ഓ	ഔ	

അനുസ്വാരം | അം | അഃ | വിസർഗം

വ്യഞ്ജനാക്ഷരങ്ങൾ

ക	ഖ	ഗ	ഘ	ങ
ച	ഛ	ജ	ഝ	ഞ
ട	ഠ	ഡ	ഢ	ണ
ത	ഥ	ദ	ധ	ന
പ	ഫ	ബ	ഭ	മ
യ	ര	ല	വ	
ശ	ഷ	സ		
ഹ				
ള	ഴ	റ		

Standard 2 - Term-I - Textbook Development Team - Malayalam

Subject Experts

Dr. P.M. Girish
Prof. in Malayalam Language,
Madras University,
Chennai.

Reviewers

Shaji M.R
PG. ASST,
St. Thomas HSS,
Coimbatore District.

Sreehari. R
PG. ASST,
Kerala Vidyalayam HSS,
Chennai - 600084.

Authors

Sreeja V.R.
Sec. Grade Teacher,
Kerala Vidyalayam Primary School,
PH Road, Chennai - 600084.

Deepu. V
Sec. Grade Teacher,
PUPS, Pandalur, Gudalur Block,
The Nilgiris.

R.N. Krishnan
Sec. Grade Teacher,
Aided Primary School, Mottakkala,
Kanniyakumari Dist - 629152.

Co-ordinator

Dr. T. Jayagandhi,
Senior Lecturer,
SCERT, Chennai - 600006.

Art and Design Team

M. Amalraj,
Layout Coordinator,
BT Asst., SCERT, Chennai

K. Sinthuja, Designer

V. Vinoth Kumar, Designer

Illustration

K. Dhanas Deepak Rajan, MFA

Cover design

Kathir Arumugam

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at:

